*(ഞങ്ങൾക്കുള്ള കർത്താവേ ........ എന്ന രീതി)*

1. എന്നുടയോനെ! നീയെന്നെ കണ്മണി പോൽ കാത്തീടണമേ
നിൻ ചിറകാലെ മറച്ചു പരീക്ഷയിൽ നിന്നെന്നെ കാക്കേണമേ

2. ഒളിവായ് നോക്കീടാതെന്റെ കണ്ണുകളെ നീ കാക്കേണമേ
വഞ്ചന കേൾക്കാതടിയന്റെ കാതുകളേയും കാക്കേണമേ

3. എന്നധരങ്ങൾക്കെന്നും നീ കാവലതായും നില്ക്കേണമേ
എന്നുള്ളിൽ ദോഷം ചെയ്‌വാനുള്ള വിചാരമുദിക്കരുതേ

4. കർത്താവേ നല്ല വിവേകം വർദ്ധിപ്പിക്കണമെന്നിൽ നീ
സൗരഭ്യത്താൽ നിന്നെയെനിക്കിമ്പപ്പെടുത്താനിടവരണെ

5. ഐഹിക നേട്ടത്തിനു പകരം നിന്നെ സമ്പാദിപ്പാനും
നിന്നെ സ്നേഹിച്ചീലോകം നിരസിപ്പാനും കൃപ ചെയ്ക

6. എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയണപ്പാനും നാഥാ
എന്നെ നിനക്കു സുഗന്ധമതായർപ്പിപ്പാനും കൃപചെയ്ക

7. എൻനാഥാ നിൻ തിരുമുമ്പിൽ ആത്മശരീര മനസ്സുകളെ
ശോഭ കലർന്ന വിളക്കുകളായ് ഞാൻ കത്തിപ്പാറാകണമെ

8. ആത്മശരീര മനസ്സുകളാ- മെന്നുടെ തിരുമുൽക്കാഴ്ചകളെ
താതസുതാശ്വാസപ്രദനെ അൻപൊടു കൈക്കോ ീടണമെ

9. സ്വർഗ്ഗസ്ഥ പിതാവേ! എന്നിൽ മാനസശുദ്ധി വരുത്തണമേ
ദൈവസുതാ! നീയെന്നാത്മാവിനു വിശുദ്ധി വരുത്തണമേ

10. ആശ്വാസപ്രദനാകുന്ന പരിശുദ്ധാത്മാവേ! എന്റെ
ദേഹമശേഷം കൃപയാലെ പരിപാവനമാക്കീടണമേ

11. അന്ത്യദിനത്തിൽ നാഥാ! നീ സന്തോഷിപ്പിക്കണമെന്നെ
ആത്മശരീര മനസ്സുകൾ നിൻ സ്തുതി പാടുന്നു കനിയണമെ

1.ennudayone! neeyenne kanmanipol kaaththeedaname
nin chirakaale marachchu pareekshayil ninnai kaakkename
2.olivaay~ nokkeedaathente kannukale nee kaakkename
vanjchana kel_kkaathadiyante kaathukaleyum kaakkename
3.edharangngal_kkm nee kaavalathaayum nilkkename
ennullil dosham chey~vaanulla vichaaramudikkaruthe
4.kar_ththaave nalla vivekam var_ddhippikkanaml nee
saurabhyaththaal ninneyenikkimpappeduththaanidavarane
5.aihika ne'ththinu pakaram ninne sampaadippaanum
ninne snehichcheelokam nirasippaanum krupa cheyka
6.eththenne sidhiyil kaazhchayanappaanum naathhaa
enne ninakku sugandhamathaayar_ppippaanum krupacheyka
7.en_naathhaa nin thirumumpil aathmasareera manassukale
sobha kalar vilakkukalaay~ njaan kaththippaaraakaname
8.aathmasareera manassukalaa- mde thirumul_kkaazhchakale
thaathasuthaasvaasapradane an_podu kaikkondeedaname
9.svar_ggasthha pithaave! ennil maanasasuddhi varuththaname
daivasuthaa! neeyothmaavinu visuddhi varuththaname
10.aasvaasapradanaaku parisuddhaathmaave! ente
dehamasesham krupayaale paripaavanamaakkeedaname
11.anthyadinaththil naathhaa! nee santhoshippikkanamenne
aathmasareera manassukal nin sthuthi paadunnu kaniyaname